LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ വികസനത്തിനും സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടപ്പിലാക്കിയ പദ്ധതികൾ

67 [778] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിനും സംസ്ഥാനം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുവേണ്ടി യു. ഡി. എഫ്. 2001-ൽ ജനങ്ങൾ മുൻപാകെ വച്ച പ്രകടന പത്രികയിൽ പറഞ്ഞിരുന്ന ഏതെല്ലാം കാര്യങ്ങളാണ് ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ മേഖലകളുടെ വികസനത്തിനായി പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(സി) വികസനത്തിനുവേണ്ടി ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ഡി) കാർഷിക, വ്യാവസായിക, ആരോഗ്യ, തൊഴിൽ മേഖലകളിൽ ഉണ്ടാക്കിയ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ഉത്തരം

(എ & ബി) കുടുംബശ്രീ മുഖാന്തിരം 2.50 ലക്ഷം തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ലഭിച്ചു. ഐ. റ്റി.-യുടെ അതിവേഗത്തിലുള്ള വികസനം, വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധനവ്, വർദ്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവ നിർമ്മാണ സേവന മേഖലകളിലെ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലായി ഏകദേശം 14 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികകടാശ്വാസം നടപ്പിൽ വരുത്തി. 8 ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകി. ഇത് ലക്ഷ്യം കൈവരിക്കുന്നതോടെ മലബാർ പ്രദേശത്തെ വൈദ്യുതിക്ഷാമവും വോൾട്ടേജ് പ്രശ്നവും പരിഹരിക്കപ്പെടും. ആരോഗ്യ രംഗത്ത് പുതിയ മെഡിക്കൽ കോളേജുകളും ആയുർവേദ കോളേജുകളും നഴ്സിംഗ് സ്കൂളുകളും സ്ഥാപിച്ചു. വിനോദ സഞ്ചാരമേഖലകളിൽ ശ്രദ്ധേയമായ വികസനം കൈവരിച്ചു. കയർ മേഖലയുടെ മൊത്തത്തിലുള്ള സഹായത്തിനായി പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണ കേന്ദ്രം സ്ഥാപിച്ചു. ആരാദ്ധ്യനായ രാഷ്ട്രപതി 2005 ആഗസ്റ്റ് മാസം സംസ്ഥാനം സന്ദർശിച്ചപ്പോൾ സംസ്ഥാനത്ത് ചുരുങ്ങിയ സമയത്തിനുള്ളിൽ അഭിവൃദ്ധി നേടുന്നതിനായി നിർദ്ദേശിച്ച 10 മിഷനുകളും കേരള സർക്കാർ കൂട്ടിച്ചേർത്ത 6 ഇന പരിപാടികളും സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടിയുള്ള പ്രഖ്യാപിത പരിപാടികളായി അംഗീകരിച്ച് കേരള വിഷൻ 2010-ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

(സി) വികസന പദ്ധതികൾക്കായി ഓരോ വർഷവും ചെലവഴിച്ച തുക താഴെ കൊടുക്കുന്നു:

വർഷം	പദ്ധതിയിൽ ചെലവഴിച്ച തുക (രൂപ കോടിയിൽ)
2001-02	2531.00
2002-03	3943.99
2003-04	3617.64
2004-05	3746.85 *
2005-06	1962.08 **

(ഡി) കാർഷിക കടാശ്വാസം നടപ്പിൽ വരുത്തി. 8 (എട്ട്) ജലവൈദ്യുത പദ്ധതികൾക്ക് അനുമതി നൽകി. ഇത് ലക്ഷ്യം കൈവരിക്കുന്നതോടെ മലബാർ പ്രദേശത്തെ വൈദ്യുതിക്ഷാമവും വോൾട്ടേജ് പ്രശ്നവും പരിഹരിക്കപ്പെടും. ആരോഗ്യ രംഗത്ത് പുതിയ മെഡിക്കൽ കോളേജുകളും ആയുർവേദ കോളേജുകളും നഴ്സിംഗ് സ്കൂളുകളും സ്ഥാപിച്ചു. കയർ മേഖലയുടെ മൊത്തത്തിലുള്ള സഹായത്തിനായി പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന് ഗവേഷണ കേന്ദ്രം സ്ഥാപിച്ചു. കുടുംബശ്രീ മുഖാന്തിരം 2.50 ലക്ഷം തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ലഭിച്ചു. ഐ. റ്റി.-യുടെ അതിവേഗത്തിലുള്ള വികസനം, വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധനവ്, വർദ്ധിച്ച നിർമ്മാണ പ്രവർത്തനങ്ങൾ മുതലായവ നിർമ്മാണ സേവന മേഖലകളിലെ തൊഴിലവസരങ്ങൾ ഉറപ്പു വരുത്തിയിട്ടുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളിലായി ഏകദേശം 14 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ക്ഷേമപദ്ധതികളും വികസന പദ്ധതികളും

68 [780] ശ്രീ. എ. കെ. ബാലൻ :
,, ടി. കെ. ദേവകുമാർ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ സംസ്ഥാന സർക്കാർ ഏതെല്ലാം പുതിയ ക്ഷേമ പദ്ധതികളും വികസന പദ്ധതികളുമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നും നടപ്പിലാക്കുന്നതിനുവേണ്ടി വരുന്ന തുക എത്രയാണെന്ന് പറയാമോ;

(സി) വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പദ്ധതികൾക്കുംവേണ്ടി 2005-06-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ;

* താൽക്കാലികം

** 31-12-2005 വരെയുള്ള താൽക്കാലിക കണക്ക്.

GPM. 2/152/2013—12.

LIBRARY ARCHIVES Kerala Legislative Assembly